പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2906 | 28.1.2014 ലെ മറുപടിക്ക്

## സ്കൂളുകളിലെ അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>„ ബെന്നി ബെഹനാൻ<br>„ അൻവർ സാദത്ത്<br>„ വി.ഡി.സതീശൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ പുതിയ തസ്തിക നിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 29.11.2013 ലെ ജി.ഒ(പി) 313/13/പൊവിവ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിരുന്നു.എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത (ഡബ്ല്യു.പി(സി) 30107/13) എന്ന കേസിന്റെ ഇടക്കാല വിധിയനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് കോടതി താല്ക്കാലിക വിലക്കേർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത അനുപാതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് 1:45 അനുപാതം തന്നെയാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം |

| | | | |
|---|---|---|---|
| | | | നോഷണലായി 1:30/1:35അനുപാതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ഇപ്രകാരം നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല.സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് യു.പി. യിൽ 1:35 ഉം എൽ.പി. യിൽ 1:30 ഉം എന്ന രീതിയിലുള്ള സ്കൂൾ തല അനുപാതമാണ് ബാധകം |
| (സി) | ഏത് അദ്ധ്യയനവർഷം മുതലാണ് ഇത് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | 2013-14 മുതൽ തസ്തിക നിർണ്ണയം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും കോടതിയുടെ സ്റ്റേ ഉള്ളതിനാൽ നടപ്പിൽ വന്നിട്ടില്ല. |

Sindhu

സെക്ഷൻ ഓഫീസർ